പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1686 05.12.2014 ലെ മറുപടിയ്ക്ക്

## കർഷക ഇൻഷുറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയത് എന്ന് മുതലാണ് ; | (എ) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995 മുതലും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി 1999 മുതലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2008 മുതലും നാളികേര ഇൻഷ്വറൻസ് പദ്ധതി 2009 മുതലും നടപ്പിലാക്കി വരുന്നു. എന്നാൽ 2014 മുതൽ ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കു പകരം പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതി നടപ്പിലാക്കിയതിലൂടെ ഇതിനകം സംസ്ഥാനത്തെ എത്ര കൃഷിക്കാർക്ക് ഇൻഷുറൻസ് ബെനിഫിറ്റ്സ് ലഭിക്കുകയുണ്ടായി : | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷികവിളകൾക്ക് നഷ്ടപരിഹാരം നല്കി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് ഇതു വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.<br><br>പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദനനഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്കു ദോഷകരമായി ഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ (അതിവൃഷ്ടി, അനാവൃഷ്ടി, |

ശക്തിയായ കാറ്റ്, വരൾച്ച) എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു.2013-2014 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-2015 - വർഷങ്ങളിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1750/- രൂപയും ഇൻഷ്വറൻസ് സംരക്ഷണമായി നല്കി വരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം ഒക്ടോബർ വരെ 41,234 കർഷകർ പദ്ധതിയിൽ അംഗങ്ങളാകുകയും 47,36,410/- രൂപ പ്രീമിയമായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

2014-15 വർഷത്തിൽ 118,88,268/- രൂപ ഇൻഷ്വറൻസ് സംരക്ഷണമായി 2166 കർഷകർക്ക് നല്കിയിട്ടുണ്ട്.

2013-14 വർഷത്തിലെ റാബി സീസണിൽ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ 11,223 കർഷകർ ഗുണഭോക്താക്കളാകുകയും, കാലാവ സ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17,095 കർഷകർ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സർക്കാർ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിലേയ്ക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്രയായിരുന്നു ; എത്ര തുക ഇതിനകം പ്രീമിയമായി അടയ്ക്കുകയുണ്ടായി ; | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്ക് 100 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2014-15 -ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 500 ലക്ഷം രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഒരു കോടി രൂപ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്ന അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗുണഭോക്താക്കളുടെ വിഹിതമായി ഇതിനകം അടച്ച പ്രീമിയം തുക എത്ര ? | (ഡി) | 2014-15 – ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 47.36 ലക്ഷം രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ